**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2215** **06-07-2022 - ൽ മറുപടിയ്ക്ക്**

**സഞ്ചരിക്കുന്ന റേഷൻകട**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സഞ്ചരിക്കുന്ന റേഷൻകട എന്ന പദ്ധതി ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കുന്നതായി കരുതാമോ; സംസ്ഥാനത്ത് ഇത്തരത്തിൽ എത്ര റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | ഉണ്ട്. ഒറ്റപ്പെട്ട മലയോരമേഖലകളിൽ താമസിക്കുന്ന ആദിവാസി ഗോത്ര വർഗ കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നതിന് സംസ്ഥാന സർക്കാർ 2017ൽ ആരംഭിച്ച പദ്ധതിയാണ് 'സഞ്ചരിക്കുന്ന റേഷൻകട'. വനത്തിനുള്ളിൽ ദുർഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബലരും അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻ കടയിൽ നിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിൽ എത്തിക്കുക എന്നതാണ് പ്രസ്തുത പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ടി പദ്ധതിക്ക് അർഹമായ പ്രാധാന്യം നൽകി സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി കാര്യക്ഷമതയോടെ റേഷൻ വിതരണം നടത്തി വരുന്നു. ഓരോ ജില്ലയിലേയും ആവശ്യകത പരിഗണിച്ച് ജില്ലാ സപ്ലൈ ഓഫീസർമാർ ലഭ്യമാക്കുന്ന ശുപാർശകൾ പരിശോധിച്ച് ടി പദ്ധതിയ്ക്കുള്ള അനുമതി നൽകി വരുന്നു.<br><br>നിലവിൽ സംസ്ഥാനത്ത് 10 ജില്ലകളിലെ 40 റേഷൻ കടകളിൽ നിന്നായി 115 ഊരുകളിൽ 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി പ്രകാരം റേഷൻ വിതരണം നടത്തി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ മുഴുവൻ ആദിവാസി ഊരുകളിലും ഭക്ഷ്യസാധനങ്ങൾ എത്തിക്കാൻ സാധിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ